ഉത്തരം

(എ) 1983 ജൂണിൽ

(ബി) പുതിയ റോഡിന്റെ നീളം 11.58 കി.മീ. ഈ റോഡ് കൈപ്പറമ്പ എന്ന സ്ഥലത്തുനിന്നും തുടങ്ങി ഗുരുവായൂരിൽ എത്തിച്ചേരുന്നു. ഇത് കേച്ചേരി, ചൂണ്ടൽ, കണ്ടനശ്ശേരി, ചൊവ്വല്ലൂർ എന്നീ സ്ഥലങ്ങളിൽ കൂടി കടന്നുപോകുന്നു. ഇതുമൂലം തൃശൂർ–ഗുരുവായൂർ ദൂരം ഒരു കി.മീ. കുറയും.

(സി) പത്തു ലക്ഷം രൂപ

(ഡി) കേന്ദ്രസർക്കാർ 1978–ൽ 30 ലക്ഷം രൂപ കേന്ദ്രറോഡ് ഫണ്ട് (സാധാരണ വിഹിതം) പദ്ധതിയിൽനിന്നും ഈ റോഡിനു വേണ്ടി ചെലവാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ഇ) ഈ റോഡ് തൃശൂർ–കുന്നംകുളം റോഡിൽ നിന്നും ഗുരുവായൂരിലേക്ക് പണിയാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര സഹായം പരിമിതമായതിനാൽ കഴിയുന്നത്ര ചെലവു കുറച്ച് പുതുതായി ഭൂമി പൊന്നും വിലക്കെടുക്കലൊക്കെ ഒഴിവാക്കി ഈ റോഡ് പരിഷ്ക്കരിക്കാമെന്ന് ഒരു പുതിയ നിർദ്ദേശം ഉണ്ടായിട്ടുണ്ട്.

(എഫ്) പഴയ നിർദ്ദേശപ്രകാരമുള്ള കേന്ദ്രസഹായം പരിമിതവും സംസ്ഥാനത്തിന്റെ ബാദ്ധ്യത ഭീമവുമായതിനാൽ റോഡിന്റെ പണി പഴയ നിർദ്ദേശപ്രകാരം അടിയന്തിരമായി നടത്തുവാൻ ബുദ്ധിമുട്ടുണ്ട്.

തലശ്ശേരിയിലെ ഒന്നാം റെയിൽവേഗേറിനു ഓവർ ബ്രിഡ്ജ്

391 [425] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിലെ ഒന്നാം റെയിൽവേ ഗേറിനു ഓവർ ബ്രിഡ്ജ് നിർമ്മിക്കാനുള്ള നിർദ്ദേശം ഉണ്ടോ;

(ബി) ഇക്കാര്യത്തിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇപ്പോൾ ഈ പ്രവർത്തി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) ഈ പ്രവർത്തിക്ക് 1986–87 വർഷത്തിൽ ബഡ്ജറിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട്?

ഉത്തരം

(എ, ബി, സി) തലശ്ശേരി, കണ്ണൂർ, കോഴിക്കോട് സെക്ഷനിൽ കി.മീ. 732/9–10–ൽ നിലവിലുള്ള ലവൽക്രോസിംഗിനുപകരം കി.മീ. 732/12–13–ൽ (റോഡ് മൈൽ 0/70–ടി. ബി. റോഡ്) ഒരു ഓവർ ബ്രിഡ്ജിന്റെ അലൈമെന്റുപ്പാൻ പൊതുമരാമത്തു വകുപ്പ് അംഗീകരിച്ച് റെയിൽവേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

പ്ലാനും എസ്റ്റിമേറ്റും റെയിൽവേ അംഗീകരിച്ചു കഴിഞ്ഞശേഷം സംസ്ഥാന സർക്കാർ വഹിക്കേണ്ടവിഹിതം റയിൽവേയിൽ അടച്ചു കഴിഞ്ഞാലേ റെയിൽവേ അധികൃതർ നിർമ്മാണ പ്രവർത്തനങ്ങൾ അരംഭിക്കുകയുള്ളൂ. റെയിൽവേയുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) 100 രൂപ.

LIBRARY ARCHIVES Kerala Legislative Assembly